**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4502** **10-08-2021 - ൽ മറുപടിയ്ക്ക്**

**ത്രിവത്സര സായാഹ്ന എൽ.എൽ.ബി. കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലോ കോളേജുകളിൽ ത്രിവത്സര സായാഹ്ന എൽ.എൽ.ബി കോഴ്സുകൾ നടക്കുന്നുണ്ടോ; അറിയിക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലും സ്വകാര്യ കോളേജ് ആയ തിരുവനന്തപുരത്തെ കേരള ലോ അക്കാദമി കോളേജിലുമാണ് ത്രിവത്സര എൽ.എൽ. ബി സായാഹ്ന കോഴ്സ് നടത്തി വന്നിരുന്നത്. എന്നാൽ, ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് 11/06/2021-ലെ ജി.ഒ(എം.എസ്)നം.280/ 2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലെ ത്രിവത്സര എൽ.എൽ.ബി സായാഹ്ന കോഴ്സ് നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും സർക്കാർ ലോ കോളേജിൽ പ്രസ്തുത കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലും സ്വകാര്യ കോളേജ് ആയ തിരുവനന്തപുരത്തെ കേരള ലോ അക്കാദമി കോളേജിലുമാണ് ത്രിവത്സര എൽ.എൽ. ബി സായാഹ്ന കോഴ്സ് നടത്തി വന്നിരുന്നത്. എന്നാൽ, ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് 11/06/2021-ലെ ജി.ഒ(എം.എസ്)നം.280/ 2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലെ ത്രിവത്സര എൽ.എൽ.ബി സായാഹ്ന കോഴ്സ് നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ത്രിവത്സര സായാഹ്ന കോഴ്സുകൾ നിർത്തലാക്കിയത് സ്വാശ്രയ കോളേജുകൾക്ക് ബാധകമാക്കാത്തതിന്റെ കാരണം അറിയിക്കുമോ; | (സി) | ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ Legal Education Rules 2008 പ്രകാരം അനുവദനീയമല്ലാത്ത സായാഹ്ന ത്രിവത്സര എൽ.എൽ.ബി കോഴ്സ് തിരുവനന്തപുരം കേരള ലോ അക്കാദമി ലോ കോളേജിൽ നടത്തി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് കൂടി കണക്കിലെടുത്ത് തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ നിർത്തലാക്കിയ ത്രിവത്സര സായാഹ്ന |

| | | | |
|---|---|---|---|
| | | | എൽ.എൽ.ബി കോഴ്സ് പുനരാരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ അവസാനിപ്പിച്ച ത്രിവത്സര സായാഹ്ന എൽ.എൽ.ബി കോഴ്സ് പുനഃരാരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ Legal Education Rules 2008 പ്രകാരം അനുവദനീയമല്ലാത്ത സായാഹ്ന ത്രിവത്സര എൽ.എൽ.ബി കോഴ്സ് തിരുവനന്തപുരം കേരള ലോ അക്കാദമി ലോ കോളേജിൽ നടത്തി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് കൂടി കണക്കിലെടുത്ത് തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ നിർത്തലാക്കിയ ത്രിവത്സര സായാഹ്ന എൽ.എൽ.ബി കോഴ്സ് പുനരാരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ